	പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണത്തിന് വേണ്ടി - ഓമാനൂർ CHC യിൽ നിന്നും മരുന്നും വാക്സിനും ഊർങ്ങാട്ടിരി CHC,ഓടക്കയം FHC എന്നിവടങ്ങളിൽ എത്തിച്ചതിന് ടിപ്പ് ഷീറ്റ് നമ്പർ-150		1000
14/07/2023	പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണത്തിന് വേണ്ടി -FHC ഓടക്കയത്ത് നിന്നും പുറപ്പെട്ട് തച്ചാം പറമ്പ് അംഗൻവാടി,തച്ചണ്ണ അംഗൻവാടി ടിപ്പ് ഷീറ്റ് നമ്പർ-138	23150952022700447241/ 14.08.2023	1150
	പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണത്തിന് വേണ്ടി- മരുന്നുകൾ മഞ്ചേരി KMSCL വെയർ ഹൗസിൽ നിന്നും ഓടക്കയം FHC യിൽ എത്തിച്ചതിന് ടിപ്പ് ഷീറ്റ് നമ്പർ-139		850
26/06/2023	പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണത്തിന് വേണ്ടി -FHC ഓടക്കയത്ത് നിന്നും പുറപ്പെട്ട് കുണ്ടുവഴി അംഗൻവാടി,മൈത്ര അംഗൻവാടി, മൈത്ര സബ്സെന്റർ ടിപ്പ് ഷീറ്റ് നമ്പർ-135	23150952022700447241/ 14.08.2023	1150

തിയതി	യാത്ര	ബിൽ നമ്പർ/തിയ്യതി	അനുവദിച്ച തുക
	പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണത്തിന് വേണ്ടി- മരുന്നുകൾ മഞ്ചേരി KMSCL വെയർ ഹൗസിൽ നിന്നും ഓടക്കയം FHC യിൽ എത്തിച്ചതിന്		850
	ടിപ്പ് ഷീറ്റ് നമ്പർ-136		

2)26.02.2024 തിയ്യതിയിൽ പൊന്നാട് നിന്നും മരുന്നും വാക്സിനും എടുത്ത് ഓടക്കയം FHC യിൽ 1439,1440 എന്നീ ടിപ്പ്ഷീറ്റുകൾ പ്രകാരം രണ്ട് തവണ(1080x2) തുക അനുവദിച്ചു.

3)18.03.2024 തിയ്യതിയിൽ പൊന്നാട് നിന്നും മരുന്നും വാക്സിനും എടുത്ത് ഓടക്കയം FHC യിൽ 1442,1443 എന്നീ ടിപ്പ്ഷീറ്റുകൾ പ്രകാരം രണ്ട് തവണ(1080x2) തുക അനുവദിച്ചു.

4) 12/10/2023 ൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച രണ്ട് വാഹനങ്ങൾക്കും 115(വാടക അനുവദിച്ചു .

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനും അധികം നൽകിയ തുക തിരികെ ഈടാക്കാനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/23-24/29.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.അധികം തിരികെയീടാക്കി അറിയിക്കേണ്ടതാണ്.

1-17 ബഡ്സ് സ്കൂൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നു.

2023-24 വർഷത്തിൽ ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനവും അനുബന്ധചെലവുകളും ഇന 13,62,089 രൂപ (764299 രൂപ -പ്ലാൻഫണ്ട്, 597790 രൂപ -തനത്ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. സ.ഉ (20/2018/ തസ്വഭവ തീ. 07.02.2018 പ്രകാരം നിലവിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന ലഭിച്ചിട്ടില്ലായെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ ഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാ വർഷത്തേക്ക് താൽക്കാലിക അംഗീകാരം നൽകുന്നതാണ്. രണ്ടുവർഷം പൂർത്തിയാകുന്നമ അംഗീകാരത്തിനായി അപേക്ഷ ബന്ധപ്പെട്ട വകുപ്പിന് (പൊതു വിദ്യാഭ്യാസ വകുപ്പാണ് ബഡ്സ് സ്കൂളി നൽകേണ്ടത്) നൽകേണ്ടത്. അല്ലാത്തപക്ഷം താൽക്കാലിക അംഗീകാരം റദ്ദാവുന്നതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിന് മേൽ പ്രകാരം രണ്ടു വർഷത്തേക്ക് താൽക്കാലി ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് (നം.12/ 28.10.2024) മറുപടി ലഭ്യമാക്കിയില്ല. ബഡ്സ് സ്കൂളിന് അംഗീകാരം ലഭിച്ചിട്ടില്ലെന്ന് വാക്ക ആയത് ലഭ്യമാകാത്തത് ബഡ്സ് സ്കൂളിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളെ എല്ലാതരത്തിലും ബാധിക സ്കൂളിന് അംഗീകാരം ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവര അറിയിക്കേണ്ടതുമാണ്.

1-18 ബഡ്സ് സ്കൂൾ വാഹന വാടക-കരാറുകാരനിൽ നിന്ന് ആദായ നികുതി ഈടാക്കുന

പ്രൊജക്ട്	ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനവും അനുബന്ധ ചെലവുകളും (42/24)

അടങ്കൽ	1600000/-
ചെലവ്	1362089- 764299വികസന ഫണ്ട് 597790 തനത് ഫണ്ട്
നിർവ്വഹണം	അസി സെക്രട്ടറി

ബഡ്സ് സ്കൂളിലെ കുട്ടികളെ സ്കൂളിലേക്ക് എത്തിക്കുന്നതിനും തിരികെ കൊണ്ടുപോകുന്നതിനുമായി ഒ
1700 രൂപ നിരക്കിൽ ശ്രീ ഷമീം പിലാക്കൽ എന്ന വ്യക്തിക്ക് കരാർ നൽകിയിട്ടുണ്ട്. ഒരു
അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷ
അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec.
അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേ
ആയത് താഴെ പറയുന്ന പേമെന്റുകളിൽ പാലിച്ചിട്ടില്ല.

വൗച്ചർ/ബിൽ നമ്പർ	വാഹന വാടക	ഈടാക്കേണ്ട ആദായ നികുതി
22300115/5.5.23	27200	
22300159/02.06.23	36000	
23150952025700267229/0307.23	34000	
23150952025700517729/5.09.23	30600	
22300488/4.10.23	28900	2512
22300576/1.11.23	32300	
23150952025700939530/15.12.23	35000	
22300806/24.01.24	27200	
ആകെ	251200	

ആദായ നികുതി ഈടാക്കത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്
(14/29.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം ല
വാഹന വാടകയിൽ നിന്ന് ആദായ നികുതി ഈടാക്കി അടവാക്കേണ്ടതുമാണ്.

1-19 എം സി എഫ് അനുബന്ധ ചെലവുകൾ-അപാകതകൾ

പ്രൊജക്ട്	എം സി എഫ് അനുബന്ധ ചെലവുകൾ (22/24)
അടങ്കൽ	1000000/-
ചെലവ്	947660- ധനകാര്യ കമ്മീഷൻ അവാർഡ്
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി

എം സി എഫിന്റെ പ്രവർത്തനത്തിനാവശ്യമായ വിവിധ ചെലവുകളാണ് പ്രൊജക്ട് പ്രകാരം ന പദ്ധതി രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വിവിധ വാർഡുകളിൽ നിന്ന് എം സി എഫിലേ എത്തിക്കുന്നതിനായി ക്വട്ടേഷൻ പ്രകാരം വാഹനം വാടകക്കെടുത്ത് ഒരു ട്രിപ്പിന് 250 രൂപ ന സാമ്പത്തിക വർഷം ആകെ 379500 രൂപ ശ്രീ മുജീബ് റഹ്മാൻ എന്ന വ്യക്തിക്ക് നൽകിയിട്ടു പ്രകാരം അനുവദിക്കുന്ന തുക ഒറ്റത്തവണ 30,000/- രൂപയ്ക്ക് മുകളിൽ ആണെങ്കിലോ / ഒരു വർഷ അനുവദിക്കുന്ന തുക 1,00,000/- രൂപക്ക് മുകളിൽ ആണെങ്കിലോ Income Tax Act 1961, Sec. അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേ ആയത് താഴെ പറയുന്ന പേമെന്റുകളിൽ പാലിച്ചിട്ടില്ല.

വൗച്ചർ നമ്പർ	വാഹന വാടക	**ഈടാക്കേണ്ട ആദായ നികുതി**
22300525/7.10.23	166000	3795
22300511/9.10.23	35750	
22300621/21.11.23	38250	
22300952/21.02.24	109000	
22301043/12.03.24	30500	
ആകെ	379500	

2. മേൽ പ്രൊജക്ട് പ്രകാരം എം സി എഫിലെ ജീവനക്കാർക്ക് യൂണിഫോം, അനുബന്ധ ഉപകരണങ്ങ ക്വട്ടേഷൻ പ്രകാരം പിക്കർബേർഡ് , കഞ്ചിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

വൗച്ചർ നമ്പർ -22300552/19.10.2023 തുക 40850/- .	
ഇൻവോയ്സ് നമ്പർ - 2324040/10.10.2023/40850/-	
ഇനം	**എണ്ണം**
Uniform Large	24
Uniform XL Size	26
Cap	25
Latex Coated Cloth Glow	50
Gumboots 5 Size	2
Gumboots 6 Size	2
Gumboots 7 Size	2
Gumboots8 Size	1

എന്നാൽ ഇത് പ്രകാരം വാങ്ങിയ യൂണിഫോം, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്ക് വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ ഇൻവോയ്സിൽ സ്റ്റോക്ക് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/29.1 ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ 1 പ്രകാരം ആദായ നികുതി ഈടാക്കേണ്ടതും 2 അപാകതക്ക് വിശദീകരണം ലഭ്യമാ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-20 ഭവന പുനരുദ്ധാരണം എസ് സി-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല

പ്രൊജക്ട്	ഭവന പുനരുദ്ധാരണം എസ് സി (സ്പിൽ ഓവർ 225/24)
അടങ്കൽ	950000/-
ചെലവ്	500000/-(100000 വികസന ഫണ്ട് ജനറൽ+ 400000എസ് സി പി)
നിർവ്വഹണം	വി ഇ ഒ

ജി.ഒ (എം.എസ്) 115/2022/തസ്വഭവ തി.28-05-2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6. വാസയോഗ്യമാക്കുന്നതിന് ആനുകൂല്യം നൽകുമ്പോൾ പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 കഴിഞ്ഞവർക്ക് മാത്രമേ ധനസഹായത്തിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ എടക്കര ഗോവിന്ദൻ എന്ന വാസയോഗ്യമാക്കുന്നതിന് 50000/- രൂപ അനുവദിച്ചിട്ടുണ്ട്. (BRN – 23150920232011696 95/01.02.2 ടിയാൾ സമർപ്പിച്ച ബിൽഡിംഗ് ഏജ് സർട്ടിഫിക്കറ്റ് (No-5092201/120/2023/27.02.2023)പ്രകാരം വ പഴക്കമുള്ളൂ.

മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധന പാലിക്കാതെ ധനസഹായം അനുവദിച്ചതിന് കാരണം വ്യക്തമ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/26.10.2024) ടിയാളുടെ വീടിന് 13 വർഷത്തോളം പഴക്കമുണ കെട്ടിട നമ്പർ ലഭ്യമായത് 6 വർഷം മുന്നെ മാത്രമാണെന്നും ആയത് അന്വേഷണത്തിൽ ബോ അടിസ്ഥാനത്തിലാണ് ടിയാൾക്ക് ആനുകൂല്യം അനുവദിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.
വ്യക്തിക ആനുകൂല്യം അനുവദിക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ കർശനമായി പാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്.

1-21 ജി ബിൻ വിതരണം-അപാകത

പ്രൊജക്ട്	ഗാർഹിക ബയോവേസ്റ്റ് സിസ്റ്റം ജീ ബിൻ വിതരണം (227/24)-സ്പിൽ ഓവർ
അടങ്കൽ	528040/-
ചെലവ്	490855-ധനകാര്യ കമ്മീഷൻ അവാർഡ് 6450-ഗുണഭോക്തൃ വിഹിതം
വൗച്ചർ നമ്പർ	432880-22300200/7.06.23

	6450-22300507/04.10.2023 57975/22300548/07.10.2023
ഇൻവോയ്സ് നമ്പർ	B2B-0084/16.03.2024/481040 (112 എണ്ണം) B2B-0128/28.03.2023/64425 (15 എണ്ണം)
നിർവ്വഹണം	വി ഇ ഒ

ടെണ്ടർ നടപടിക്രമം പാലിച്ച് ഫോബ് സെല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നി നിരക്കിൽ ആകെ 127 ജീ ബിൻ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അപാകതകൾ ചൂവടെ ചേർക്കുന്നു.

1. ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സിൽ രേഖപ്പെടുത്തുകയോ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

2. ഉപകരണങ്ങൾ സ്ഥാപിച്ചതായി സ്ഥാപനം രേഖപ്പെടുത്തിയ കത്ത് ഫയലിൽ സൂക്ഷിച്ചതല്ലാതെ വരുത്തിയതിന്റെയും പ്രവർത്തനക്ഷമമാക്കിയതിന്റെയും രേഖകൾ/പദ്ധതിയുടെ മോണിറ്ററിംഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ഫയലിന്റെ കൂടെ ലഭ്യമാക്കിയ ജീ ബിൻ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കൈപ്പറ്റ് രശീതികൾ പ മിക്കതിലും ഗുണഭോക്താവിന്റെ പേരോ വാർഡ് നമ്പറോ മറ്റ് തിരിച്ചറിയൽ വിശദാംശങ്ങളോ ര ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ആൾക്ക് വിതരണം ചെയ്തിട്ടുള്ളത് എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10.26 ഉപകരണങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഇറക്കുന്നതിന് പകരം വാർഡുകളിൽ ഇറക്കുന്നതുമൂല രജിസ്റ്ററിൽ ചേർക്കാൻ കഴിയാതെ പോയതെന്നും ഉപകരണം ഇൻസ്റ്റാൾ ചെയ്ത എന്ന സാക്ഷ്യപത്രമാണ് മോണിറ്ററിംഗ് റിപ്പോർട്ടായി ഉപയോഗിക്കുന്നതെന്നും ഗുണഭോക്തൃ ലിസ്റ്റ് ഗുണഭോക്തൃ വിഹിതം അടവാക്കിയവർക്ക് തന്നെയാണ് ഉപകരണം നൽകിയിട്ടുള്ളതെന്ന് ഉറപ്പുവരുത മറുപടി ലഭ്യമാക്കി. പർചേഴ്സ് ചെയ്യുന്ന ഉപകരണങ്ങൾ എല്ലാം തന്നെ സ്റ്റോക്കിലെ നിർവ്വണോദ്യോദസ്ഥൻ ഉറപ്പുവരുത്തേണ്ടതും കൈപ്പറ്റുന്ന ആളുകളുടെ പേരുവിവരം വാർഡ് ഉൾപ്പെ രേഖപ്പെടുത്തേണ്ടതുമാണ്. വരും വർഷങ്ങളിലും ഇത്തരത്തലുള്ള പ്രൊജക്ടുകൾ ന സാധ്യതയുള്ളതിനാൽ ഒരു തവണ ആനുകൂല്യം ലഭിച്ചവർക്ക് തന്നെ വീണ്ടും ആനുകൂല്യം ലഭ്യമാ ഉറപ്പുവരുത്തേണ്ടതാണ്.

1-22 സാക്ഷരത തുല്യത പരിപാടി-രേഖകൾ ഹാജരാക്കേണ്ടതാണ്.

ഹെഡ് മാസ്റ്റർ നിർവ്വഹിച്ച സാക്ഷരത തുല്യത പരിപാടി എന്ന പദ്ധതിയുടെ (154/24) ഭാ +2ക്ലാസുകളിലെ തുല്യത പഠിതാക്കളുടെ ഫീസ് അടവാക്കുന്നതിന് താഴെ പറയും പ്രകാരം തുക ചെലവ

പ്രൊജക്ട്	സാക്ഷരത തുല്യത പരിപാടി (154/24)
അടങ്കൽ	100000/-വികസന ഫണ്ട്
ചെലവ്	99600/-
ബിൽ നമ്പർ	23150952026501235069/17.02.2024/24150 23150952026501481217/24.03.2024/75450

മേൽ പദ്ധതി പ്രകാരം ആകെ 75450 രൂപ കേരളാ സ്റ്റേറ്റ് സാക്ഷരതാ മിഷൻ അതോറിറ്റിക്ക് പഠിതാക്കൾക്കായി (22950 രൂപ (17*1350), പ്ലസ് വൺ പഠിതാക്കൾക്കായി 52500 രൂപ (35*1500) പ്ലസ് ടു പഠിതാക്കളുടെ മുഴുവൻ കോഴ്സ് ഫീസും പഠിതാക്കൾ അടവാക്കിയതിനാൽ 1150 രൂപ പഠിതാക്കൾക്കായി ആകെ 24150 രൂപ അവരുടെ അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട്.

പഠിതാക്കൾ പരീക്ഷ എഴുതി എന്ന് ഉറപ്പുവരുത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജര നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/29.10.2024) രേഖകൾ സമർപ്പിക്കുന്നതാണെന്ന മറുപ ആനുകൂല്യം നൽകിയ മുഴുവൻ പഠിതാക്കളും പരീക്ഷ എഴുതുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും മേ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതുവ 99600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തുന്ന പദ്ധതികൾ- കാഷ് ബുക്കിൽ എൻട്രി വരുത്

2023-24 സാമ്പത്തിക വർഷം ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർത്ത നടപ്പിലാക്കിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രൊജക്ട്	ചെലവ്
1	സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങൽ(157/24)	100000
2	സർക്കാർ സ്കൂളുകളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ(212/24)	100000
3	സർക്കാർ സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ(138/24)	500000
4	ഓടക്കയം ഗവ.യുപി സ്കൂളിൽ പ്രഭാത ഭക്ഷണ പരിപാടി(287/24)	39900
5	സർക്കാർ എസ് പി സ്കൂളുകളിലേക്ക് കിയിക ഉപകരണങ്ങൾ വാങ്ങൽ(161/24)	99996
6	സാക്ഷരതാ തുല്യതാ പരിപാടി (154/24)	99600
7	സർക്കാർ സ്കൂളുകൾക്ക് കൺസ്യൂമബിൾസ് വാങ്ങലും ആവർത്തന ചെലവ് നൽകലും (160/24)	203569

ഹെഡ്മാസ്റ്റർ കാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ മേൽ പദ്ധതികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ലയെന്ന് വ്യക്തമായി.

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നമ്പർ ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപന നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എ നിർദ്ദേശിച്ചിട്ടുമുണ്ട്.

കാഷ്ബുക്കിൽ മേൽ വരവ് ചെലവ് വിവരങ്ങൾ രേഖപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29.10.2024) അറിവില്ലായ്മ മൂലമാണ് ഗ്രാമപഞ്ചായത്ത് പ്രൊജ ചെലവുകൾ കാഷ്ബുക്കിൽ ചേർക്കാതിരുന്നതെന്നും ഭാവിയിൽ ആയത് ചേർക്കുന്നതിന് ശ്രദ്ധിക മറുപടി ലഭ്യമാക്കി.

വരവ് ചെലവുകൾ കാഷ് ബുക്കിൽ എൻട്രി വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-24 സർക്കാർ സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ-പൂർത്തീകരണ വിവരം ലഭ്യമാക്കേ

പ്രൊജക്ട്	സർക്കാർ സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ (158/24)
അടങ്കൽ	500000/-
ചെലവ്	100000- ധനകാര്യ കമ്മീഷൻ അവാർഡ് 400000- മെയിന്റനൻസ്, നോൺറോഡ്
ബിൽ/വൗച്ചർ നമ്പർ	23150952026501361874/07.03.2024-400000 22301081/23.03.2024/100000

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കുന്നതിന് PWD Electronics വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്ര പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ശീർഷകത്തിലേക്ക് മേൽ ബിൽ നമ്പ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കു

1. പ്രവൃത്തി നടപ്പിലാക്കുന്നതിന് PWD Electronics വിഭാഗവുമായി കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമാ

2. മേൽ പ്രൊജക്ട് പ്രകാരം ഏതെല്ലാം സ്കൂളുകളിലാണ് സിസിടിവി സ്ഥാപിച്ചത് എന്നത് ഫയലിൽ നി

3. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതിനായി PWD Electronics വിഭാഗത്തിലേക്ക് കത്തെഴു ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. ആയത് വരെ ചെലവ് ഖ്യ)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്-അധിക തുക അനുവദിച്ചു

പ്രൊജക്ട്	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് -ജനറൽ (148/24)

അടങ്കൽ	2785000/- വികസന ഫണ്ട് 1050000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം 350000/-ജില്ലാ പഞ്ചായത്ത് വിഹിതം
	4185000
ചെലവ്	3466170
ബിൽ / വൗച്ചർ നമ്പർ	1) 23150952023400127234/25.05.2023/51500 2) 231509523400440664/14.08.23/1992000 3) 23150952023400872748/25.11.202/350000 4)23150952023401466011/24.03.24/224770 5) 23150952023401466003/24.03.2024/37400 6)23150952023401466008/24.03.24/56000 7)23150952023401466010/2403.24/423330 8)23150952023400943203/08.12.2023/331170
നിർവ്വഹണം	ഐസിഡിഎസ് സൂപ്പർവൈസർ

2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/ത.സ 28.05.2022 ഖണ്ഡിക 7.1.6 പട്ടിക ബി പ്രകാരം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ നൽകാവുന്ന സ്കോളർഷിപ്പ് തുക 28500/- രൂപയാണ്. എന്നാൽ ചുവടെ ചേർത്ത വിദ്യാർത്ഥികൾക്ക അനുവദിച്ചതായി കാണുന്നു.

വിദ്യാർത്ഥി/ അക്കൗണ്ട് നമ്പർ	അനുവദിക്കാവുന്ന തുക	അനുവദിച്ചത്	അധികം
അയ്യൂബ് ഖാൻ കപ്പൂർ 112000176262	28500	12000-ബിൽ ക്രമ നം 2 27500- ബിൽ ക്രമ നം 4 ആകെ	11000

മുഹമ്മദ് ഷെഫിൻ സി 10770100249891	28500	12000-ബിൽ ക്രമ നം 2 15500 -ബിൽ ക്രമ നം 4 15500- ബിൽ ക്രമ നം 8 ആകെ 43000	14500

മേൽ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ അധിക തുക അനുവദിച്ചതിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/29.10.2024) ക്ലറിക്കൽ പിഴവു വിദ്യാർത്ഥികൾക്ക് അധികതുക നൽകിയിട്ടുള്ളതെന്നും രണ്ട് കുട്ടികളും 2024-25 വാർഷിക ഗുണഭോക്താക്കളായതിനാൽ അധിക തുക കുറവ് വരുത്തിയിട്ട് മാത്രമേ 2024-25 വർഷം ടി വി സ്കോളർഷിപ്പ് അനുവദിക്കുകയുള്ളൂ എന്നും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ സൂക്ഷിക മറുപടി ലഭ്യമാക്കി. 2024-25 വർഷത്തിൽ ടി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നത ഉറപ്പുവരുത്തേണ്ടതും ആയത് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ 25500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-26 കിടപ്പിലായ രോഗികൾക്ക് കട്ടിൽ വിതരണം- സ്റ്റോക്കെടുപ്പ് വിതരണം എന്നവയ് അപാകതകൾ

പ്രൊജക്ട്	ഒപ്പരം-കിടപ്പിലായ രോഗികൾക്ക് കട്ടിൽ വിതരണം (177/24)
അടങ്കൽ	100050/-
ചെലവ്	99813/-വികസന ഫണ്ട്
ബിൽ നമ്പർ	23150952023401465998/24.03.2024
നിർവ്വഹണം	ഐ സി ഡി എസ് സൂപ്പർവൈസർ

ഗ്രാമപഞ്ചായത്തിലെ കിടപ്പിലായ രോഗികൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷ എന്റർപ്രൈസസ് അരീക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് 25/13.02.2024 നമ്പർ ഇൻവോയ്സ് കട്ടിലുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ചുവടെ ചേർക്കുന്നു.

1. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പർച്ചേഴ്സ് ചെയ്ത കട്ടിലുകൾ, ഇൻവോയ്സ് വിവരം മറ്റു എന്നിവ ചേർത്ത് സ്റ്റോക്കിലെടുക്കുന്നതിന് പകരം രജിസ്റ്ററിൽ വിതരണ വിവരം മാത്രമാണ് ചേർത്തി

2. ആകെ 28 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. വിതരണ വിവരം പരിശോധിച്ചതിൽ വാർഡ് 1 മുതൽ 21 വ
40 പേരുടെ പേര് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 26 പേരുടെ കൈപ്പറ്റ് വിവരം (ഒ
രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന 2 കട്ടിലുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയി
ആരാണ് കൈപ്പറ്റിയതെന്ന് വ്യക്തമല്ല. (28 പേർക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട് എന്ന് നിർവ്വഹ
സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്)

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/30.10.2024) മറുപടി ലഭ്യമാക്കി
വിതരണം സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അവശേഷിക്കു
വിതരണ വിവരം ലഭ്യമാക്കുന്നത് വരെ ആയതിന്റെ ചെലവ് തുക (3564.75 X 2 = 7130/-) ഓ
ചെയ്യുന്നു.

1-27 ഡെപ്പോസിറ്റ് പ്രവൃത്തി – പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നം. 373/24

കുടിവെള്ളകണക്ഷൻ നൽകൽ വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ (ഡെപ്പോസിറ്റ് പ്രവൃത്തി)

അടങ്കൽ തുക &വിനിയോഗിച്ച തുക– 3,00,000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം./തീയ്യതി - 22300986/ 04.03.2024 – 3,00,000 രൂപ

നിർവ്വഹണം - സെക്രട്ടറി

തിരുമംഗലം എസ് സി കോളനി ,കൂട്ടപ്പുവ്വത്തി മുതൽ പത്തൂർ വരെ ആലൻചുവട് ലക്ഷം
കുടിവെള്ളകണക്ഷൻ നൽകൽ ഭാഗമായി 3,00,000 രൂപ മുൻകൂറായി എസ്സിക്യൂട്ടീവ് എഞ്ചിനീയർ
അതോറിറ്റി പി എച്ച് ഡിവിഷൻ മലപ്പുറത്തിന് നൽകിയിട്ടുണ്ട് പദ്ധതി സംബന്ധിച്ച താഴെപറയുന്ന
പരിശോധനക്ക് ലഭ്യമാക്കിയില്ല.

1) പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.84/2022/ തസ്വഭവ തീ.19.04.2022 ഖണ്ഡിക 12.2 (5(ഡ
ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു
മുൻകൂറായി തുക നൽകാവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട് . അപ്രകാരം കെ എസ് ഇ ബിയുമായി കരാറിൽ
രേഖകൾ .

2) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം.
വിവിരമാരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം.4/2023-24/25.10.2024) മറുപടി
ചെലവുതുക 3,00,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-28 തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ– സിമന്റിന് അധിക നൽകി – തുക തിരികെ ഈടാക്കേണ്ടതാണ്.

2023-24 സാമ്പത്തിക വർഷത്തിൽ MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ
യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. ഒ
വിവിധ വെണ്ടർമാരിൽ നിന്നും ഒരു ചാക്ക് സിമന്റിന് 651 രൂപ നൽകിയാണ് സിമന്റ് വാങ്ങിയി
കാലയളവിൽ 375/- മുതൽ 430/- രൂപവരെയാണ് ഒരു ചാക്ക് സിമന്റിന് (50 Kg) വിവിധ ബ്രാന്റു
വില.

MGNREGS എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോ
തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് (50kg Bag ന് Rs. 640/-വരെ) വള
എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ ന

MGNREGS ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MG ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ന തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിന് യഥാർത്ഥ മാർക്കറ്റ് നിരക്ക് പ്രകാരം ടെ തയ്യാറാക്കിയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്വെയറിൽ ഉ അധികതുക നൽകിയാണ് നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടു മൂലമുണ്ടായിട്ടുള്ള അധിക ചെലവിന്റെ വിവരം ചുവടെ ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രവൃത്തിയുടെ വിവരം	സിമന്റിന്റെ അളവ് (Tonne/ Bag)	സിമന്റ് വാങ്ങിയതിന് നൽകിയ തുക		സിമന്റ് വാങ്ങിയതിന് നൽകാവുന്ന പരമാവധി തുക	
			ഒരു Tonne / ഒരു ചാക്ക് -ന്റെ വില	ആകെ	ഒരു Tonne / ഒരു ചാക്ക് -ന്റെ വില	ആകെ
1	പാലോട് സീതികാക്ക റോഡ് കോൺക്രീറ്റ് (വാർഡ്-19) FTONo.163397/06.12.2023 കരാറുകാരൻ- ഷജീബ് കെ സി കിണറടപ്പൻ വീട്,വെറ്റിലപ്പാറ പി ഒ	18.72/374.4 Bags	13,024 /651.20	2,43,809.28	8600/430	1,60,992
2	കൊരമ്പ കോഴിപ്പറമ്പ റോഡ് കോൺക്രീറ്റിംഗ്(വാർഡ്-8) FTONo.163630&163624/06.12.2023 കരാറുകാരൻ- മണികണ്ഠൻ എം ഉണ്ണികുളങ്ങര ,മൈത്ര പി ഒ വർക്ക് കോഡ്- RC/357320	18.2880 /365.76 Bags	13,024 /651.20	238182.91	8600 /430	157276.80
3	കൊരമ്പ കോഴിപ്പറമ്പ റോഡ് കോൺക്രീറ്റിംഗ്(വാർഡ്-8) FTONo.163624/16.12.23 കരാറുകാരൻ- മണികണ്ഠൻ എം ഉണ്ണികുളങ്ങര ,മൈത്ര പി ഒ വർക്ക് കോഡ്- RC/364275	18.4320 /368.64 Bags	13,024 /651.20	240058.37	8600 /430	158515.20
4	മലങ്കുണ്ട് കളപ്പുരക്കൽ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-21) FTONo. 16472& 16879/08.01.2024	18.4320 /368.64 Bags	13,024 /651.20	240058.37	8600 /430	158515.20

	കരാറുകാരൻ-ഷബീർ മുണ്ടോടൻ,മൂർക്കനാട് പി ഒ					
5	തിരുമംഗലം കിളിയാടിപ്പാറ റോഡ് കോൺക്രീറ്റിംഗ് (വാർഡ്-13) FTONo. 16884/10.04.2023 കരാറുകാരൻ- അബ്ദുസലീം കുന്നത്ത് കീഴപറമ്പ് പി ഒ	18.1440 /362.88 Bags	13,024 /651.20	236307.46	8600 /430	156038.40
6	കുരങ്കല്ല്പ്പുളക്കാൻതോട് റോഡ് കോൺക്രീറ്റിംഗ്(വാർഡ്-2) FTONo.163639&163642/06.12.2023 കരാറുകാരൻ- ഷജീബ് കെ സി കിണടപ്പൻ വീട്,വെറ്റിലപ്പാറ പി ഒ	18.1440 /362.88 Bags	13,024 /651.20	236307.46	8600 /430	156038.40
7	പനമ്പിലാവ് പാമ്പിൻകാവ് റോഡ് കോൺക്രീറ്റ് (വാർഡ്-21) FTONo.163419/16.12.2023 കരാറുകാരൻ-നൗഷാദലി പി പന്തലിൽ കാരന്തൂർ പി ഒ കോഴിക്കോട്	14.8320 /296.64 Bags	13,024 /651.20	193171.97	8600 /430	127555.20
8	ചുണ്ടത്തുംപൊയിൽ തൊമരപ്പാറ റോഡ് കോൺക്രീറ്റിഗ് (വാർഡ്-1) FTONo. 163252/06.12.2023 കരാറുകാരൻ- അബ്ദുൾസലാം കൊരളിയാടൻ, മൈത്ര പി ഒ	18.1440 /362.88 Bags	13,024 /651.20	236307.46	8600 /430	156038.40
9	ഞാനിപ്പൊയിൽ മുള്ളങ്കാട്ഏ റോഡ് കോൺക്രീറ്റിഗ് (വാർഡ്-19) FTONo. 162876/10.04.2023 കരാറുകാരൻ- ബെസ്റ്റ് ബേസ് കൺടക്ഷൻസ് വെറ്റിലപ്പാറ പി ഒ കിണടപ്പൻ	18.1440 /362.88 Bags	13,024 /651.20	236307.46	8600 /430	156038.40
10	കളത്തിങ്ങൽ ആനക്കല്ല് റോഡ് കോൺക്രീറ്റിഗ് (വാർഡ്-10) FTONo. 163257/06.12.2023 കരാറുകാരൻ- നൗഷാദ് കൊരളിയാടൻ വീട് മൈത്ര പി ഒ	18.2880 /365.76 Bags	13,024 /651.20	238182.91	8600 /430	157276.80
ആകെ						

ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവക്ക് വിരുദ്ധമായി സിമന്റിന് അധിക തുക വിശദീകരണം നൽകേണ്ടതും അധികം നൽകിയ 7,94,408.85 രൂപ ഈടാക്കി വിവരമറിയിക്കേണ്ടതു

(ഓഡിറ്റ് എൻക്വയറി നമ്പർ.05/2023-24/26.10.2024 -മറുപടി ലഭ്യമാക്കിയില്ല)

1-29 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 303/24

സ്ട്രീറ്റ് ലൈറ്റ് റിപ്പയർ (സ്പിൽ ഓവർ)

അടങ്കൽ തുക

– 2,75,000 രൂപ(പ്ലാൻ ഫണ്ട്- ജനറൽ)

- 75,000 രൂപ(തനത് ഫണ്ട്)

ആകെ – 3,50,000 രൂപ

വിനിയോഗിച്ച തുക

-2,75,000 രൂപ(പ്ലാൻ ഫണ്ട്- ജനറൽ)

- 60,519 രൂപ(തനത് ഫണ്ട്)

ആകെ – 3,35,519 രൂപ

ബി ആർ എൻ - 231509520111539884/ 12.09.2023 – 1,92,604 രൂപ

ബി ആർ എൻ - 23150952011100839453/ 25.11.2023 – 64,480 രൂപ

ബി ആർ എൻ - 23150952011100955091/ 19.12.2023 – 17,916 രൂപ

വൗച്ചർ നം./ തീയ്യതി -22300784/ 05.01.2024 – 17,479 രൂപ

വൗച്ചർ നം./ തീയ്യതി -22300746/ 29.12.2023 – 28,160 രൂപ

വൗച്ചർ നം./ തീയ്യതി -22301144/ 28.03.2024 – 14,880 രൂപ

നിർവ്വഹണം – സെക്രട്ടറി

ക്വട്ടേഷൻ മുഖേന കുറഞ്ഞതുക ക്വാട്ട് ചെയ്ത അബ്ദുൾലത്തീഫ് കൊടക്കാടൻ,ഊർങ്ങാട്ടരി വ്യക്തിമുഖേന പോൾ ഒന്നിന് 160രൂപ നിരക്കിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുയും, കുറഞ്ഞതുക ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്നസ്ഥാപനം മുഖേന വാങ്ങിച്ച് സ്ട്രീറ്റ് നടത്തിയതാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പ്രവൃത്തി സംബന്ധിച്ച ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ പ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്യുന്നതിനായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഐ മാർക്കുള്ളവയാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആയത് പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയ

കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തു നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.(ഗവ.സർക്കുലർ നം.3055/ തസ്വഭവ തി.15.09.2011).

2)ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ തെരുവ് വിളക്കുകളെ സംബന്ധിച്ച വിവരം പൂർണ്ണ റിപ്പയർ ചെയ്ത തെരുവ് വിളക്കുകളെ സംബന്ധിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപിച്ചതു സംബന്ധിച്ച വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.നിലവിൽ എത്ര തെരു പ്രവർത്തനക്ഷമമാണ് എന്നത് സംബന്ധിച്ച കൃത്യമായ വിവരം , വാർഡ് തിരിച്ച് തെരുവ് വിളക്ക് എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3)ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനം മുഖേന വാങ്ങിയ സാധനങ്ങളുടെ ഉറപ്പാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനമെടുത്തിട്ടില്ല ഉല്പന്നങ്ങൾ ഗുണനിലവാരമുള്ളതാണോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

4)ഫയൽ പരിശോധിച്ചതിൽ ശ്രീ. അബ്ദുൾലത്തീഫ് കൊടക്കാടൻ,ഊർങ്ങാട്ടരി പി ഒ 496 വിളക്കുകൾ റിപ്പയർചെയ്യുവെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടിയാന് 1,07,520 രൂപ (ബി 231509520111100839453/ 25.11.2023 പ്രകാരം 64,480 രൂപ,വൗച്ചർ നം./ തീയ്യതി -22300746/ 29.12 28,160 രൂപ ,വൗച്ചർ നം./ തീയ്യതി -22301144/ 28.03.2024 പ്രകാരം 14,880 രൂപ)നൽകിയ രൂപയ്ക്കാണ് (160x 496)ടിയാന് അർഹതയുള്ളത് അധിക തുക 28,160 രൂപ (1,07,520 – 79,3 എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

ഏഷ്യൻ മാർക്കറ്റിംഗ് വാഴക്കാട് എന്ന സ്ഥാപനത്തിന് ആകെ 2,27,999 രൂപ നൽകിയിട്ടുണ്ട് (231509520111539884/ 12.09.2023 പ്രകാരം 1,92,604 രൂപ,ബി ആർ എൻ - 231509520111009550 പ്രകാരം 17,916 രൂപ, വൗച്ചർ നം./ തീയ്യതി -22300784/ 05.01.2024 പ്രകാരം 17,479 രൂപ) എന്നാൽ നം. A 43/ 21.08.2023- 1,92,604 രൂപ , ഇൻവോയിസ് നം. A 96/ 18.12.2023- 30,996 രൂപ , ആ രൂപയ്ക്കുള്ള സാധനങ്ങളാണ് സ്ഥാപനം സപ്ലൈ ചെയ്തിട്ടുള്ളത്. അധിക തുക 4,399 രൂപ 2,23,600)നൽകിയത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

4)തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2- കത്തിൽ പരാമർശിച്ചതിൽ പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സ മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്.(പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് വാർഡ് ,വിവരം നൽക്കുന്ന ആളിന്റെ പേരും ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ).ആയത് പാലിച്ചതിന്റെ വിവരം ലഭ്യ

5)ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ ന ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ നം. കത്തിൽ നിർദ്ദേശമുള്ളതാണ്. ആയതും പാലിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

6)കെ എസ് ഇ ബി ഇലക്ട്രിക് പോസ്റ്റിലാണ് പ്രവൃത്തി നടക്കുന്നത് എന്നതിനാൽ കെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടത്തിയതെന്ന് വ്യക്തമല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപ ഇ ബിയിൽ നിന്നും ലഭിച്ചിട്ടില്ല.

വാർഡ് മെമ്പർമാർ സമർപ്പിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക ന തെരുവുവിളക്കുകൾ അറ്റകുറ്റപണി നടത്തിയത് സംബന്ധിച്ച് കെ എസ് ഇ ബിയിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

7)റിപ്പയർ പ്രവൃത്തിക്കുടി പദ്ധതിനിർവ്വഹണത്തിൽ ഉൾപ്പെട്ടതിനാൽ നിയമാനുസൃതമായി ഈടാക്കേ ക്ഷേമ നിധിവിഹിതം ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 11/2023-24/28. ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 3,35,519 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകതകൾക്ക് വ്യ ലഭ്യമാക്കേണ്ടതും അധികതുക അനുവദിച്ചതിന് വ്യക്തമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-30 കുടിവെള്ള വിതരണം പദ്ധതി – അപാകതകൾ

പ്രോജക്ട് നം. 311/24

കുടിവെള്ള വിതരണം പദ്ധതി

അടങ്കൽ തുക – 4,50,000 രൂപ (പ്ലാൻ -ജനറൽ)

- 1,50,000 രൂപ (തനത് ഫണ്ട്)

ആകെ – 6,00,000 രൂപ

വിനിയോഗിച്ച തുക – 4,50,000 രൂപ (പ്ലാൻ -ജനറൽ)

- 1,07,000 രൂപ (തനത് ഫണ്ട്)

ആകെ – 5,57,000 രൂപ

ബി ആർ എൻ - 23109520111100271971/ 04.07.2023 – 4,50,000 രൂപ

വൗച്ചർ നം. 22300113/04.05.2023 – 1,00,000 രൂപ

വൗച്ചർ നം. 22300270/07.07.2023 – 7,000 രൂപ

നിർവ്വഹണം - സെക്രട്ടറി

ക്വട്ടേഷൻ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത മൻസൂർ തെഞ്ചീരി പൂവ്വത്തിക്കൽ പി ഒ എന്ന കുടിവെള്ള ക്ഷാമം നേരിടുന്ന വിവിധ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തുകയാണ് ചെയ്തിട്ടു ആറ് വീൽ വാഹനത്തിൽ (KL57 F 2794)കുടിവെള്ള വിതരണത്തിന് ട്രിപ്പിന് 8000 രൂപയും, ജീപ്പ് വീൽ ന് (KL 55 C 8594) ട്രിപ്പിന് 7000 രൂപയുമാണ് അംഗീകരിച്ചത്.

1)സർക്കാർ ഉത്തരവ് (സാധാ)നമ്പർ564/2023/ത.സ്വ.ഭ.വ തിയതി 6.3.23 പ്രകാരം താഴെ പറയു നിഷ്കർഷിച്ചിട്ടുണ്ട്.

l)റെവന്യൂ വകുപ്പ് /മറ്റ് ഏജൻസികൾ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥലങ്ങളിൽ കുടി നടത്തരുത്.

li)ഏതൊക്കെ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യണമെന്ന് ഗ്രാമപഞ്ചായത്ത് മുൻകൂട്ടി നിശ്ച

lii) കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തണം

lv) കുടിവെള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ജി പി എസ് ഘടിപ്പിക്കണം

V) തുക നൽകുന്നതിന് മുൻപ് സെക്രട്ടറി വാഹനത്തിന്റെ ലോഗം, ജി പി എസ് ലോഗ്ഗം ക്രോസ് സുതാര്യത ഉറപ്പാക്കണം

മേൽ പറഞ്ഞകാര്യങ്ങൾ ഒന്നും തന്നെ പാലിച്ച കൊണ്ടല്ല കുടിവെള്ളം വിതരണം നടത്തിയിട്ടുള്ളത്.

2) KL57 F 2794 വാഹനത്തിന്റെ ഒരു രേഖയും (ആർ സി ബുക്കിന്റെ പകർപ്പ്, വാഹനത്തിന്റെ പെർമി രേഖകൾ മുതലായവ) ഫയലിൽ ഇല്ല.ആയത് ലഭ്യമാക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്തിന്റെ നം.URG/QTN/01/2023-24 /10.04.2023 നം. ക്വട്ടേഷനിൽ, കുടിവെള്ളം മുൻപ് ഗ്രാമപഞ്ചായത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും മേൽ നോട്ടത്തിൽ പരിശോധന നടത്തി അനുയോജ്യമെന്ന് റിപ്പോർട്ട് നേടിയിരിക്കണമെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും എവിടെ നിന്നാണ ശേഖരിച്ചതെന്നുപോലും ഫയലിൽ വ്യക്തമല്ല. .

4)മേൽ ക്വട്ടേഷനിൽ ഓരോ ദിവസവും വിതരണം ചെയ്യുന്ന ജലത്തിന്റെ അളവും വിതരണം നടത്ത ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതും പാലിച്ചിട്ടില്ല.

സാക്ഷ്യപത്രത്തിന്റെയും വാഹനമുടമ ഹാജരാക്കിയ ടിപ്പ് ഷീറ്റിന്റെയും മാത്രം അടിസ്ഥാനത നൽകിയിട്ടുള്ളത്.

5) പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടില്ല. മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പൂർണ്ണമല്ലാത്തതിനാൽ ടിപ്പ് ഷീറ്റ് പ്രകാരം വെള്ളം വിതരണം ചെയ്ത സ്ഥലങ്ങളിൽ ന കൂടിവെള്ള വിതരണം ചെയ്തിട്ടുണ്ടോ എന്നത് ഉറപ്പ് വരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. അപാകത ലഭ്യമാക്കേണ്ടതാണ്.അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്കും(നം. 24/2023-2 മുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 5,57,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-31 പഞ്ചായത്ത് ഓപ്പൺ ജിംനേഷ്യം പ്രവർത്തിച്ചു തുടങ്ങിയില്ല.

പ്രോജക്ട് നം. 17/24

പഞ്ചായത്ത് ഓപ്പൺ ജിംനേഷ്യം സ്ഥാപിക്കൽ

അടങ്കൽ തുക – 8,00,000 രൂപ (തനത് ഫണ്ട്)

വിനിയോഗിച്ച തുക -4,24,996 രൂപ (തനത് ഫണ്ട്)

വൗച്ചർ നം.22301159/ 30.03.2024 – 4,17,793 രൂപ

വൗച്ചർ നം.22301165/ 30.03.2024 – 7,203 രൂപ

നിർവ്വഹണം - സെക്രട്ടറി

ഇ- ടെണ്ടർ മുഖേന കുറഞ്ഞ തുക ക്വാട്ട്ചെയ്ത Excel Engineers 4 Sherin Nagar റെഡ തിരുനെൽവേലി തമിഴ്നാട് എന്ന സ്ഥാപനം മുഖേന തെരട്ടമ്മലിലുള്ള ഗ്രാമപഞ്ചായത്ത് സ്റ്റേ ഓപ്പൺ ജീംനേഷ്യം സ്ഥാപിച്ചിട്ടുള്ളത് .

29.10.2024 ന് ഗ്രാമപഞ്ചായത്ത് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയ സ്ഥാപിച്ച് നാളിതുവരെയും ഉപയോഗത്തിനായി തുറന്ന കൊടുത്തിട്ടില്ലെന്ന് വ്യക്തമായി . സ്ഥാപിച്ച മെഷിനറികൾ തുരുമ്പടിച്ചു വരുന്നതായും കണ്ടെത്തി. ഉപകരണങ്ങൾ കേരള ഫിനാൻഷ്യൽ കോ ആർട്ടിക്ക്ൾ 150 ൽ നിർദ്ദേശിക്കും പ്രകാരം മുഴുവൻ സ്റ്റോക്കുകൾക്കും പ്രത്യേകം നമ്പറിട്ട് സ്റ്റോ ചേർത്തിട്ടുമില്ല. അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്കും (ന 2024/29.10.2024)മുപടി ലഭ്യമാക്കിയിട്ടില്ല. ഓപ്പൺ ജിംനേഷ്യം പ്രവർത്തനസജ്ജമാക്കി,മുഴുവൻ പ പ്രത്യേകം നമ്പറിട്ട് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരമറിയിക്കേണ്ടതാണ്. അതുവരെയും പദ്ധതിക 4,24,996 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-32 വാഹനങ്ങളുടെ വിവരം – വീൽസ് സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്തില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 07.01.2020 തിയ്യതിയിലെ 03/2020 നമ്പർ സർക്ക ലെ 91/2019 നമ്പർ സർക്കുലറും, 11.11.2019 ലെ 88/2019 നമ്പർ സലർക്കുലറിന്റെയും തുർച്ചയായി, ധന സോഫ്റ്റ്വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വി വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപന സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന ന (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തി എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ “Vehicle Management Tracking System (VEELS)” എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടത

സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവു കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

പഞ്ചായത്തിൽ നിലവിലുള്ള വാഹനങ്ങളുടേയും പഞ്ചായത്തിലെ അനുബന്ധ സ്ഥാ വാഹനങ്ങൾ, ഡ്രൈവർമാർ, മറ്റു വിവരങ്ങൾ എന്നിവ പ്രസ്തുത വെബ്സൈറ്റിൽ രജിസ്റ്റർ ചെ ബന്ധിതമായി വിവരങ്ങൾ കാലികമാക്കുകയും ചെയ്തതിന്റേയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേ (ഓഡിറ്റ് എൻക്വയറി നം. 31/2023-24/ 30.10.2024- മറുപടി ലഭ്യമാക്കിയില്ല)

1-33 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത് – വിശദാംശങ്ങൾ ലഭ്യമാക്കേ

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം 95,363 രൂ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് 2023-24 ക്രമീകരിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിൽ തുക ആരിൽനിന്നെല്ലാമ ഈടാക്കാനുള്ളതെന്ന് രേഖപ്പെടുത്തിയിട്ടില്ല.
കേരള ഫിനാൻഷ്യൽ കോഡ് വോള്യം I ആർട്ടിക്കൾ 99 (ജി ഒ (പി) നം. 419/2011/ ഫിൻ തീ. 04.10. പ്രകാരം മുൻകൂറുകൾ ആയത് കൈപ്പറ്റി മൂന്നുമാസത്തിനകം ക്രമീകരിക്കേണ്ടതാണ്. അല്ലാ പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ കാലികമായി നിയമപ്രകാ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.36/2023-24/ 30.10.2024- മറുപടി ലഭ്യമാക്കിയില്ല)

1-34 ഗ്രാമലക്ഷ്മി മുദ്രാലയം കഞ്ചിക്കോട് നിന്നുള്ള വാങ്ങൽ – സ്റ്റോക്ക് ,ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ്.

തനത് ഫണ്ടിൽ നിന്നും സെക്രട്ടറി 2023-24 വർഷത്തിൽ താഴെ പറയും പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയ നിന്നും വാങ്ങലുകൾക്ക് തുക നൽകിയിട്ടുണ്ട്. സാധനങ്ങളുടെ സ്റ്റോക്ക് ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ നം. /തീയ്യതി	വിനിയോഗിച്ച തുക	റിമാർക്സ്
22300375/18.08.2023	1,19,621 രൂപ	വിവിധ സ്റ്റേഷനറികൾ വാങ്ങിയതിന വിനിയോഗിച്ച തുക
22301063/16.03.2024	1,67,123 രൂപ	വിവിധ സ്റ്റേഷനറികൾ വാങ്ങിയതിന വിനിയോഗിച്ച തുക
22300695/05.12.2023	3,250 രൂപ	ഓഫീസ് ഉപയോഗത്തിന് രശീതി ബുക്ക് വാങ്ങിയതിന് വിനിയോഗിച്ച തുക
ആകെ	**2,89,994**	

മേൽ പർച്ചേസ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ 259/2010/ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരം വാർഷിക ആവശ്യകത മുൻനിർത്തിയാവണം നടത്തേണ്ടത്. എന്നാൽ മേൽ സാധനങ്ങളുടെ മുൻ വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ തന്നെ ശരി സൂക്ഷിക്കാതെയും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ പേപ്പറുകളുടെ ഉപയോഗം കുറയ്ക്കുന്ന അ പോകുന്നതും ഒട്ടും തന്നെ പരിഗണിക്കാതെയാണ് മേൽ വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

2)ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്കിൽ എടുത്ത സാധനങ്ങളുടെ വിതരണ
രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല എന്ന് വ്യക്തമായി.

അപാകത സംബന്ധിച്ച് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നട
എൻക്വയറിക്ക് (നമ്പർ 32/2023-24/30.10.202415.7.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ
ഒഴിവാക്കേണ്ടതാണ്.

1-35 കൂലി ചെലവ് സബ്സിഡി പ്രോജക്ടുകൾ – വിള ഇൻഷ്യൂറൻസ് വിവരം ലഭ്യമാക്കി

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം. 57/24

നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി

അടങ്കൽ തുക

– 4,32,000 രൂപ (പ്ലാൻ -ജനറൽ)

- 1,62,000 രൂപ (ബ്ലോക്ക് ഷെയർ)

ആകെ - 5,94,000 രൂപ

വിനിയോഗിച്ച തുക – 3,92,512 രൂപ (പ്ലാൻ -ജനറൽ)

ബി ആർ എൻ നം.23150952023101519611/ 24.03.2024 - 3,92,512 രൂപ

2)പ്രോജക്ട് നം. 58/24

പച്ചക്കറി കൃഷിക്ക് കൂലി ചെലവ് സബ്സിഡി

അടങ്കൽ തുക & വിനിയോഗിച്ച തുക - 3,00,000 രൂപ (പ്ലാൻ -ജനറൽ)

ബി ആർ എൻ നം.23150952023101171796/ 05.02.2024 - 2,57,200 രൂപ

ബി ആർ എൻ നം.23150952023101176114/ 06.02.2024 – 42,800 രൂപ

നിർവ്വഹണം - കൃഷി ഓഫീസർ
പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)2023-24 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/ 2
തീ.28.05.2022 പ്രകാരം പച്ചക്കറി കൃഷിക്ക് /നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി നൽകു
കാർഷികക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്യൂറൻസ് നടപ്പാലാക്കേണ്ടതാണെന്ന് വ്യക്തമാക്കിയ
നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി ഗുണഭോക്താക്കളായ 46 പേരും ,പച്ചക്കറി കൃഷിക്ക്
സബ്സിഡി ഗുണഭോക്താക്കളായ 98 പേരും ആയത് പാലിച്ചതിന്റെ വിവരം പരിശോധനക്ക് ല
ആയത് ലഭ്യമാക്കേണ്ടതാണ്.

2) പ്രോജക്ട് നം. 58/24 പച്ചക്കറി കൃഷി എത്ര ഏരിയയിൽ കൃഷിചെയ്തുവെന്ന് വ്യക്തമല്ല. കൃഷി ചെ
അസിസ്റ്റന്റ് പരിശോധിച്ച് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻമൂലം ഗുണഭോക്താക്
നിരക്കിൽ തുക നൽകിയത് എപ്രകാരമെന്ന് പരിശോധിക്കാനായിട്ടില്ല.

3)പ്രോജക്ട് നം. 58/24 പ്രകാരം ഏതു സീസണിൽ, ഏതെല്ലാം പച്ചക്കറികൾ എത്ര അളവിൽ കൃ
വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

4)പാട്ടകൃഷിയാണെങ്കിൽ ആയത് സംബന്ധിച്ച നിർവ്വഹണ ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് വേ
സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ രണ്ട് പ്രോജക്ടുകൾ പ്രകാരവും പാ

യഥേഷ്ടം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ആയത് ഒട്ടും തന്നെ പാലിച്ചിട്ടില്ല.

5) ബി ആർ എൻ 23150952023101519611/ 24.03.2024 പ്രകാരം 6400 രൂപ ആനുകൂല്യം കൈപ്പറ്റിയ കൂലി ചെലവ് സബ്സിഡി)ബാബു കെ കോഴിതൊടി കല്ലരട്ടിക്കൽ ഊർങ്ങാട്ടിരി പി ഒ എന്ന ഹാജരാക്കിയത് കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് (നം. 40228131011377) ആണ് എന്നാൽ ഇ നൽകിയത് അക്കൗണ്ട് നം. 40228100107176 ലേക്കാണ് ഗുണഭോക്താവ് ഹാജരാക്കിയ അക്കൗണ നൽകിയത്.

6)പദ്ധതികൾ മോണിറ്ററിഗ് നടത്തണമെന്ന് പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം. 84/2022/ തസ്വഭവ പ്രകാരം നിർദ്ദേശമുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

അപാകങ്ങൾ പരാമർശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 28/2023-24/30.1 ലഭ്യമാക്കുകയോ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചെലവുതുക 6,92,512 രൂപ (3,92,512 +3,00,0 തടസ്സം ചെയ്യുന്നു.

1-36 തെങ്ങിന് ജൈവവളം പദ്ധതി- അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്ക വ്യക്തമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങ ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലന്റുകൾ, സഹകരണ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്ര നടപടിക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസി കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.

2023-24 ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ തെങ്ങിന് ജൈവവളം എന്ന പ്രൊജക്ട് പ്ര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ൽ നിന്നും ടൈക്കോഡർമ സമ്പുഷ്ടീകരിച്ച കമ്പോസ്റ്റ് വളം വ 15,31,250 താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

ബി ആർ എൻ - 2310952023100931121/ 13.12.2023 – ₹ 2,62,000

ബി ആർ എൻ - 2310952023100931135/ 13.12.2023 – ₹ 3,29,875

ബി ആർ എൻ - 2310952023100931142/ 13.12.2023 – ₹ 3,52,475

ബി ആർ എൻ - 2310952023100931148/ 13.12.2023 – ₹ 1,49,400

ആകെ –₹ 10,93,750

₹4,37,500 BC (നേരിട്ട് ചെലവഴിച്ചത്)

ജൈവവളം ഉത്പാദിപ്പിക്കാത്ത സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികൾ പാലിക്കാ നേരിട്ട് വാങ്ങിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ചെലവ് തുക ₹ 10,93,750 തടസ്സം ചെയ്യുന്നു.

കൂടാതെ, സ ഉ(സാധാ) നം. 2758/2022/LSGD തീ.09.11.2022 പ്രകാരം ജൈവവളങ്ങൾ, കീടനാശിനി എല്ലാ ഉല്പാദന സഹായികളുടെയും ഗുണമേൻമ ഉറപ്പു വരുത്തുന്നതിന് ഫെർട്ടിലൈസർ കൺട്രോൾ

ഇൻസെക്ടിസൈഡ് ആക്ട് 1968 എന്നിവ പ്രകാരമുള്ള ലൈസൻസ് ഇതുമായി ബന്ധപ്പെട്ട ന ഉണ്ടായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.രാമപുരം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് വെസ്റ്റേൺ ആന്റ് കെമിക്കൽസ് നായരങ്ങാടി, മഞ്ചേരി എന്ന സ്ഥാപനത്തിൽ നിന്നും മേൽ ഇനം വാ നടത്തുയാണ് ചെയ്യുന്നത്. ഇപ്രകാരം വാങ്ങൽ നടത്തുമ്പോൾ ഗുണമേൻമ ഉറപ്പുവരുത്തിയിട്ടി പരിശോധനയിൽ വ്യക്തമായി.

രാമപുരം സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ജൈവവളം ഉത്പാദിപ്പിക്കുന്ന സ്ഥാപനമാണ് എ രേഖകൾ (വളം ഉത്പാദിപ്പിക്കുന്നതിനുള്ള അംഗീകാരം, രജിസ്ട്രേഷൻ രേഖകൾ എന്നിവ) ഹാജരാക്കിയും അല്ല എങ്കിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങലിന് സർക്കാർ സാധൂകരണ തടസ്സം ഒഴിവാക്കേണ്ടതാണ്.

1-37 ഇടവിളകൃഷി പ്രോൽസാഹന പദ്ധതി- അപാകതകൾ

പ്രോജക്ട് നം. 144/24

ഇടവിളകൃഷി പ്രോൽസാഹന പദ്ധതി

അടങ്കൽ തുക&വിനിയോഗിച്ച തുക - 2,25,000 രൂപ (പ്ളാൻ ഫണ്ട്-ജനറൽ)

ബി ആർ എൻ -231509520231015196 76/24.03.2024 – 2,25,000 രൂപ

നിർവ്വഹണം - കൃഷി ഓഫീസർ

പദ്ധതി പ്രകാരം റെയ്ഡ്കോ മുക്കം 16 പേർക്ക് ഇൻവോയിസ് നം. MKM/317/2023-24/13.0 750 എണ്ണം ഇൻറർ ക്രോപ്പ് കിറ്റ് 750 പേർക്ക് വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്ത സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മഞ്ഞൾ (2 കി .ഗ്രാം), കാച്ചിൽ (1.5 കി .ഗ്രാം),നനകിഴങ്ങ് (1കി .ഗ്രാം), ചെറുചേമ്പ് (എന്നിവയടങ്ങിയതാണ് ഒരു കിറ്റ് . സബ്സിഡി മാർഗ്ഗരേഖ മാർഗ്ഗരേഖ സ.ഉ (കൈ)നം. 115/ 2 തീ.28.05.2022 പ്രകാരം ജില്ലാതലത്തിൽ നിശ്ചയിച്ച യൂനിറ്റ് കോസ്റ്റ് (നം. 1212/2022-23/DPC 03.11.2022 ജില്ലാ ആസൂത്രണസമിതി സെക്രട്ടേറിയേറ്റ് മലപ്പുറം) ,പ്രോജക്റ്റ് പ്രകാരം ചെലവ് പറയും പ്രകാരമാണ്.

ഇനം	**ജില്ലാതലത്തിൽ നിശ്ചയിച്ച യൂനിറ്റ് കോസ്റ്റ് (കിലോഗ്രാമിന്)**	**പ്രോജക്റ്റ് പ്രകാരം ചെലവ്**
മഞ്ഞൾ	50 രൂപ	100 രൂപ (2 കി .ഗ്രാം)
കാച്ചിൽ	40 രൂപ	60 രൂപ (1.5 കി .ഗ്രാം),
ചെറുചേമ്പ്	50 രൂപ	50 രൂപ (1 കി .ഗ്രാം)
നനകിഴങ്ങ്	70 രൂപ	70 രൂപ (1 കി .ഗ്രാം)
	ആകെ	**280 രൂപ**

എന്നാൽ പ്രസ്തുത കിറ്റൊന്നിന് 300 രൂപ വീതമാണ് നൽകിയിട്ടുള്ളത് . കിറ്റൊന്നിന് അധി നൽകിയിട്ടുണ്ട് അപ്രകാരം 15000 രൂപ (750x 20) അധികമായി ചെലവഴിച്ചിട്ടുണ്ട്. അപാക വ്യക്തമാക്കേണ്ടതാണ്.

2)റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടപടികൾ കൂടാതെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത് . അ വാങ്ങലിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3)പദ്ധതി മോണിറ്ററിംഗ് നടത്തേണ്ടതാണങ്കിലും അപ്രകാരം ചെയ്തിട്ടില്ല.
അപാകങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കും(നം. 29/2023-24/30.10.24)മറുപടി ല
രേഖകൾ ലഭ്യമാക്കുന്നതു വരെ പദ്ധതിക്കായി ചെലവഴിച്ച അധിക തുക 15000 രൂപ കു
രൂപ(2,25,000- 15,000)ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. നഷ്ട തുക ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-38 വനിതകൾക്ക് കറപശു വിതരണം / പോത്തുകുട്ടി വിതരണം പദ്ധതികൾ – ഗുണ
ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ വനിതകൾക്ക് കറപശു വിതരണം ,വനിതകൾ
വിതരണം പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം. 26/24

വനിതകൾക്ക് കറപശു വിതരണം

അടങ്കൽ തുക

-6,30,000 രൂപ (പ്ളാൻ ഫണ്ട്-ജനറൽ)

- 7,35,000 രൂപ (ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)

ആകെ - 13,65,000 രൂപ

വിനിയോഗിച്ച തുക

